# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 919      30/06/2015-ൽ മറുപടിക്ക്

## കർഷകത്തൊഴിലാളി ക്ഷേമനിധി പാലക്കാട് ജില്ല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) പാലക്കാട് ജില്ലയിൽ 285078 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) അധിവർഷാനുകൂല്യം ലഭിക്കുന്നതിനായുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പാക്കാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) 26560 അപേക്ഷകൾ തീർപ്പാക്കാൻ ഉണ്ട്. ടി അപേക്ഷകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഏകദേശം 25,23,20,000/- രൂപയോളം ആവശ്യമുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലാണ് ആനുകൂല്യ വിതരണം നടത്തുന്നതിന് കാലതാമസം ഉണ്ടാകുന്നത്. |
| (സി) അധിവർഷാനുകൂല്യം, പെൺമക്കളുടെ വിവാഹ ധനസഹായം എന്നിവയ്ക്കായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിത നടപടികൾ സ്വീകരിക്കുമോ ? | (സി) പാലക്കാട് ജില്ലയിൽ 25/02/2010 മുതൽ ലഭിച്ച 26560 അതിവർഷാനുകൂല്യ അപേക്ഷകളും 06/03/2010 മുതൽ ലഭിച്ച 8862 വിവാഹ ധനസഹായ അപേക്ഷകളും തീർപ്പാക്കാനുണ്ട്. ഇതിലേയ്ക്കായി ഏകദേശം 27 കോടി രൂപയോളം ആവശ്യമാണ്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ബോർഡിന് ആനുകൂല്യങ്ങൾ യഥാസമയം കൊടുത്ത് തീർക്കുന്നതിന് കഴിയുന്നില്ല. 2015 ഏപ്രിൽ 30 ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഒട്ടാകെ വിവിധ ആനുകൂല്യമിനത്തിൽ 287857 അപേക്ഷകളിലായി ഏകദേശം 233.30 കോടി രൂപയോളം ബോർഡിന് കുടിശികയുണ്ട്. എന്നാൽ ടി തുക അനുവദിച്ച് നൽകുന്നതിന് നിലവിലുള്ള ബോർഡിന്റെ സാമ്പത്തിക സ്ഥിതി പര്യാപ്തമല്ല. സർക്കാരിന്റെ നിലവിലെ വിഭവ സമാഹരണത്തിലുള്ള അപര്യാപ്തത കാരണം കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ധനസഹായം അനുവദിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. |

സെക്ഷൻ ഓഫീസർ